**കണ്ണൂർ സർവകലാശാല**

**(ആസൂത്രണ വികസന വിഭാഗം)**

**ക്വട്ടേഷൻ നോട്ടീസ്**

PID/B1/3011/THAVAKKARA CANT/2022 08.08.2024

കണ്ണൂർ സർവകലാശാലയുടെ താവക്കര ക്യാമ്പസ്സിൽ ഒരു വർഷത്തേക്ക് ഫുഡ് ഹൌസ് നടത്തുന്നതിന് കാന്റീൻ നടത്തിപ്പിൽ മുൻപരിചയമുള്ള കുടുംബശ്രീ/ സംഘങ്ങൾ/ വ്യക്തികൾ എന്നിവരിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

ക്വട്ടേഷനുകൾ സമർപ്പിക്കുന്നതിനുള്ള നിശ്ചിത അപേക്ഷാഫോറം , നിബന്ധനകൾ എന്നിവ യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ നിന്നും / കണ്ണൂർ സർവകലാശാല പി എൽ ഡി ബ്രാഞ്ചിൽ നിന്നും (താവക്കര) ലഭിക്കുന്നതാണ്.

ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയതി **17.08.2024, 3.00** മണി വരെയാണ് താമസിച്ചു ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല .

ലഭിക്കുന്ന ക്വട്ടേഷനുകൾ **17.08.2024, 3.30** മണിക്ക് തുറക്കുന്നതാണ്.

നിരതദ്രവ്യമായി കണ്ണൂർ സർവകലാശാല ഫിനാൻസ് ഓഫീസറുടെ പേരിൽ എടുത്ത **1000/-**രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ്, ഫുഡ് ലൈസൻസ് സർട്ടിഫിക്കറ്റ്, ഹെൽത്ത് കാർഡ്, പ്രവർത്തി പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ ക്വട്ടേഷനോടൊപ്പം അടക്കം ചെയ്യേണ്ടതാണ് . കൂടാതെ ക്വട്ടേഷൻ ലഭിക്കുന്നവർ സെക്യൂരിറ്റി ഡെപ്പോസിറ്റ് (refundable) അടക്കേണ്ടതാണ്

യാതൊരു കാരണവും ബോധ്യപ്പെടുത്താതെ ക്വട്ടേഷനുകൾ നിരസിക്കുവാനുള്ള പൂർണ അധികാരം സർവകലാശാല രജിസ്ട്രാറിൽ നിക്ഷിപ്തമാണ്. വിശദ വിവരങ്ങൾ www.kannuruniversity.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്

Prof. (Dr.) Joby K Jose
Registrar

To

1.PRO(to display in the Notice board)
2.The Municipal Secretary, Kannur Municipality
3.The IT Centre for uploading in the website.
4.The Mathrubhoomi daily, Kannur Edition
5.District Mission Co-Ordinator, Kudumbasree
6. Notice Board, Jilla Panchayath/Village office

വിതരണാനുമതിയോടെ

സെക്ഷൻ ഓഫീസർ

KANNUR UNIVERSITY THAVAKKARA, KANNUR-2

# കണ്ണൂർ സർവകലാശാല

(കാന്റീൻ നടത്തിപ്പ് സംബന്ധിച്ച് നിബന്ധനകൾ )

1. കണ്ണൂർ സർവകാലശാല, താവക്കര ക്യാമ്പസ്സിലെ HRDC ബിൽഡിങ്ങിലുള്ള ഫുഡ് ഹൌസിൽ ഒരു വർഷത്തേക്ക് സർവകലാശാല ജീവനക്കാർക്കും ,അധ്യാപകർക്കും ,വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും വേണ്ടി ഫുഡ് ഹൌസ് നടത്തേണ്ടതാണ്.
2. ഫുഡ് ഹൌസ് നടത്തുന്നതിനുള്ള ആളെ തിരഞ്ഞെടുക്കുമ്പോൾ പ്രസ്തുത ജോലിക്കുള്ള മുൻപരിചയവും അപേക്ഷകന്റെ പ്രാപ്തിയും സാധനങ്ങളുടെ വിലയും പ്രത്യേകം പരിഗണിക്കുന്നതാണ്.
3. കുടുംബശ്രീ / സംഘങ്ങൾ/ വ്യക്തികൾ എന്നിവരിൽ നിന്നുള്ള ക്വട്ടേഷനുകൾ പരിഗണിക്കുന്നതാണ്.
4. കരാർ കാലാവധി ഒരു കൊല്ലത്തേക്കായിരിക്കും, പക്ഷെ ഫുഡ് ഹൌസ് നടത്തിപ്പ് തൃപ്തികരമല്ലെങ്കിൽ ഒരു മാസത്തെ നോട്ടീസ് നൽകിയതിന് ശേഷം കരാർ അവസാനിപ്പിക്കുന്നതാണ്. ഫുഡ് ഹൌസ് നടത്തുന്ന കോൺട്രാക്ടർ ഒരു മാസത്തെ നോട്ടീസ് നൽകിയതിനുശേഷം മാത്രമേ സ്വന്തം നിലയിൽ ഫുഡ് ഹൌസ് നടത്തിപ്പ് അവസാനിപ്പിക്കുവാൻ പാടുള്ളൂ .
5. ഓരോ മാസത്തേയും വെള്ളം,ഇലെക്ട്രിസിറ്റി ചാർജ് എന്നിവ അതാത് മാസം കോൺട്രാക്ടർ നൽകേണ്ടതാണ്.
6. ഫുഡ് ഹൌസിൽ ആഹാരസാധനങ്ങളുടെ വിലനിലവാരം വ്യക്തമായി ബോർഡിൽ എഴുതി ഉപഭോക്താക്കൾക്ക് കാണത്തക്കവിധം കോൺട്രാക്ടർ സ്വന്തം ചിലവിൽ പ്രദർശിപ്പിക്കേണ്ടതാണ്
7. ഫുഡ് ഹൌസിൽ ആഹാരസാധനങ്ങളല്ലാതെ മറ്റൊന്നും തന്നെ വിൽക്കാൻ പാടുള്ളതല്ല
8. ഫുഡ് ഹൌസിൽ വേണ്ടുന്നത്ര ജോലിക്കാരെ നിലവിലുള്ള തൊഴിൽ നിയമങ്ങൾക്കു വിധേയമായി കോൺട്രാക്ടർ നിയമിക്കേണ്ടതാണ് . ജോലിക്കാർ യൂണിഫോം ധരിക്കേണ്ടതാണ്
9. ഫുഡ് ഹൌസ് നടത്തിപ്പിനുള്ള ലൈസൻസ് മുതലായവ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഫുഡ് സേഫ്റ്റി ഡിപ്പാർട്മെന്റിൽ നിന്നും വാങ്ങിയിരിക്കേണ്ടതും നിയമാനുസൃതമായ നികുതികൾ മുതലായവ നൽകേണ്ടതും കോൺട്രാക്ടറുടെ ചുമതലയാകുന്നു
10. ഫുഡ് ഹൌസ് നടത്തിപ്പ് സർവകാല നിശ്ചയിക്കുന്ന ഒരു കമ്മിറ്റിയുടെ നിർദേശങ്ങൾക്കും തീരുമാനങ്ങൾക്കും വിധേയമായിരിക്കുന്നതാണ്
11. പൊതുജനങ്ങൾക്കും ആഹാരസാധനങ്ങൾ അനുവദിക്കുന്നതാണ് .ആയതിന്റെ നിബന്ധനകൾ നിശ്ചയിക്കുന്നത് ഖണ്ഡിക 10 ൽ സൂചിപ്പിക്കപ്പെട്ടിട്ടുള്ള കമ്മിറ്റിയായിരിക്കും. എന്നാൽ ഖണ്ഡിക 1 ൽ പറഞ്ഞിട്ടുള്ള പ്രകാരം ജീവനക്കാർക്കും അദ്ധ്യാപകർക്കും വിദ്യാർഥികൾക്കും മറ്റും കൃത്യ സമയത്തിന് ആഹാരം കൊടുക്കുവാൻ കോൺട്രാക്ടർ തീർത്തും ബാധ്യസ്ഥനാണ്
12. ഫുഡ് ഹൌസ് കെട്ടിടത്തിന് കേടുപാടുകൾ കൂടാതെ സൂക്ഷിക്കുന്നതോടൊപ്പം കെട്ടിടവും പരിസരവും ശുചിയായി സൂക്ഷിക്കുവാനും ഹൈജീനിക് കണ്ടീഷനിൽ ആഹാരസാധനങ്ങൾ പാകം ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും കോൺട്രാക്ടർ ബാധ്യസ്ഥനാണ് .
13. ഫുഡ് ഹൌസിൽ ഉണ്ടാവുന്ന മാലിന്യങ്ങൾ യഥാവിധി സംസ്കരിക്കേണ്ട ഉത്തരവാദിത്തം കരാറുകാരനിൽ നിക്ഷിപ്തമാണ്
14. ഫുഡ് ഹൌസ് നടത്തിപ്പിന് അത്യാവശ്യമായ പാത്രങ്ങളും മറ്റു അനുസാരികളും സർവകലാശാല നൽകുന്നതാണ്. ഫുഡ് ഹൌസിലേക്കു ആവശ്യമായ ഗ്യാസ് കണക്ഷൻ സർവകലാശാല തരപ്പെടുത്തിക്കൊടുക്കുന്നതായിരിക്കും ,ബർണറും ബന്ധപ്പെട്ട ഫിറ്റിങ്ങുകളും സർവകലാശാല തരപ്പെടുത്തിക്കൊടുക്കും .ഗ്യാസ് കണക്ഷനോട് ഒന്നിച്ചു നൽകുന്ന ഗ്യാസിന്റെ വില കോൺട്രാക്ടർ സർവകലാശാലയ്ക്കു നൽകേണ്ടതാണ്

15. തെരഞ്ഞെടുക്കുന്ന ആൾ ഫുഡ് ഹൌസ് നടത്തുന്നതിന് മുമ്പ് ..**50000/-**..... രൂപ സെക്യൂരിറ്റി ആയി കെട്ടിവെക്കുകയും സർവകലാശാല നിശ്ചയിക്കുന്ന വ്യവസ്ഥ അടങ്ങിയ ഒരു എഗ്രിമെന്റിൽ ഒപ്പിടേണ്ടതുമാണ്
16. അപേക്ഷകൻ പ്രത്യേകം സീൽ വെച്ച കവറിൻറെ പുറത്തു ഫുഡ് ഹൌസ് നടത്തുന്നതിനുള്ള അപേക്ഷ അതിനായി നിശ്ചയിക്കപ്പെട്ട ദിവസം 3.00 മണിക്ക് മുൻപായി യൂണിവേഴ്സിറ്റി ഫിനാൻസ് ഓഫീസറുടെ പേരിൽ എടുത്ത **1000/-** രൂപയുടെ നിരതദ്രവ്യത്തിന്റെ രശീതിയോടുകൂടി രജിസ്ട്രാർക്ക് സമർപ്പിക്കണം
17. **17.08.2024** വൈകുന്നേരം **3.00** മണി വരെ ലഭിക്കുന്ന അപേക്ഷകൾ അന്നേ ദിവസം **3.30**.മണിക്ക് തുറക്കുന്നതാണ്.
18. അപേക്ഷാഫോമിൽ വിവരിക്കുന്ന (പട്ടികയിൽ) ആഹാരസാധനങ്ങൾ ഗുണമേന്മയോടുകൂടി വിൽക്കുവാൻ സാധിക്കുന്ന ഏറ്റവും കുറഞ്ഞ വില അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കണം.
19. ഫുഡ് ഹൌസ് നടത്തിപ്പിനുള്ള ഏതു അപേക്ഷയും സ്വീകരിക്കുന്നതിനും കാരണം കാണിക്കാതെ നിരസിക്കുന്നതിനുമുള്ള അവകാശം യൂണിവേഴ്സിറ്റി രജിസ്ട്രാറിൽ നിക്ഷിപ്തമാണ്
20. സർവകലാശാലയിൽ നിലവിലുള്ള മറ്റു ലേല നിബന്ധനകൾ ഈ ലേലത്തിനും ബാധകമാണ്.
21. ആഹാരസാധനങ്ങളുടെ തൂക്കം അപേക്ഷയിൽ നിർബന്ധമായും സൂചിപ്പിക്കണം
22. ആഹാരസാധനങ്ങൾ വെളിച്ചെണ്ണയിൽ പാകം ചെയ്യേണ്ടതാണ്
23. സർവകലാശാല നിയമങ്ങൾക്കു വിധേയമായി ഫുഡ് ഹൌസ് നടത്തിക്കൊള്ളാമെന്ന അപേക്ഷകന്റെ പ്രതിജ്ഞ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്
24. ഗസ്റ്റ് ഹൌസിലും സിൻഡിക്കേറ്റ് മീറ്റിംഗ് ,മറ്റു സ്റ്റാറ്റ്യൂട്ടറി മീറ്റിംഗ് സമയങ്ങളിലും യൂണിവേഴ്സിറ്റി നിർദേശിക്കുന്ന സമയങ്ങളിലും ആഹാരസാധനങ്ങൾ വിതരണം ചെയ്യേണ്ടതാണ്
25. സർവകലാശാലയുടെ സൗകര്യങ്ങൾ ഉപയോഗിച്ച കൊണ്ട് ഫുഡ് ഹൌസിൽ തയ്യാറാക്കുന്ന ഭക്ഷണ സാധനങ്ങൾ സർവകലാശാലയ്ക്കു പുറത്തു വില്പന നടത്തുവാനോ മറ്റെവിടെയെങ്കിലും തയ്യാറാക്കുന്ന ഭക്ഷണസാധനങ്ങൾ (പാക്കറ്റിൽ ലഭ്യമാകുന്ന സ്നാക്ക്സ്, സോഫ്റ്റ് ഡ്രിങ്കുകൾ എന്നിവ ഒഴികെ ) സർവകലാശാല ഫുഡ് ഹൌസിൽ വില്പന നടത്തുവാൻ പാടില്ല.
26. സർവകലാശാല ഫുഡ് ഹൌസിൽ മറ്റു പൊതു പരിപാടികളോ സല്കാരങ്ങളോ നടത്തുവാൻ പാടില്ല
27. ഭക്ഷണ പദാർത്ഥങ്ങൾ കൈ കൊണ്ട് ഉപഭോഗ്താക്കൾക്കു നൽകുവാൻ പാടുള്ളതല്ല. അതിനു ടോങ്സ് ഉപയോഗിക്കേണ്ടതാണ്
28. ഫുഡ് ഹൌസിൽ വിറകു ഉപയോഗിക്കരുത്
29. പ്ലാസ്റ്റിക്, പോളിത്തീൻ അടങ്ങിയ വസ്തുക്കൾ ഫുഡ് ഹൌസിൽ ഉപയോഗിക്കാൻ പാടുള്ളതല്ല
30. ഭക്ഷണപദാർത്ഥങ്ങൾ കഴിവതും ചൂടോടെ വിളമ്പേണ്ടതാണ്.
31. കാന്റീൻ പ്രവർത്തിസമയം രാവിലെ **7.30** മുതൽ വൈകുന്നേരം **6.00** മണി വരെയാണ്. രജിസ്ട്രാറുടെ നിർദേശപ്രകാരം സമയത്തിൽ മാറ്റം വരാവുന്നതാണ്

Sd/-

രജിസ്ട്രാർ

**കണ്ണൂർ സർവകലാശാല   കാന്റീൻ  നടത്തുന്നതിനുള്ള അപേക്ഷ**

റഫ നമ്പർ : (PID/B1/THAVAKKARA CANT/2014)          തീയതി:

പേര് :

മേൽവിലാസം :

മൊബൈൽ നമ്പർ :

കാന്റീൻ നടത്തിപ്പിൽ മുൻകാല പരിചയം സംബന്ധിച്ച വിവരങ്ങൾ :

**ആഹാര സാധനങ്ങളുടെ പട്ടിക**

---

| ക്രമ നം | ആഹാര സാധനങ്ങൾ | അളവ്/തൂക്കം | വില |
|---|---|---|---|
| 1. | ചായ (പഞ്ചസാര, നല്ല തേയില, ശുദ്ധമായ പാൽ ഇവ ചേർത്ത് ) | 150 മില്ലി | |
| 2. | കാപ്പി (നല്ല ഇനം കാപ്പിപ്പൊടി , പഞ്ചസാര,ശുദ്ധമായ പാൽ ഇവ ചേർത്ത്) | 150 മില്ലി | |
| 3. | കട്ടൻ കാപ്പി / കട്ടൻ ചായ | 150 മില്ലി | |
| **Breakfast and Curry** | | | |
| 4. | ദോശ (2എണ്ണം)+ സാമ്പാർ+ചട് നി | 80ഗ്രാം | |
| .5 | ഇഡ്ഡലി (2എണ്ണം)+ സാമ്പാർ+ ചട് നി | 80ഗ്രാം | |
| 6 | പുട്ട് (2 piece ) | 100ഗ്രാം | |
| 7 | ഉപ്പുമാവ് | 200 ഗ്രാം | |
| 8 | പൂരിമസാല (3 എണ്ണം) | 50ഗ്രാം വീതം | |
| 9. | ചപ്പാത്തി | 80ഗ്രാം | |
| 10. | പൊറോട്ട | 80ഗ്രാം | |
| 11 | ചെറുപയർ | 100 ഗ്രാം | |
| 12 | സ്റ്റൂ (വെജിറ്റബിൾ ) | 100 ഗ്രാം | |
| 13 | മുട്ടക്കറി/മുട്ടറോസ്റ്റ് | 1 മുട്ട | |
| 14 | ബാജിക്കറി | 100 ഗ്രാം | |
| 15 | കടല | 100 ഗ്രാം | |
| **Snacks ( for 10.A.M & 4.P.M)** | | | |
| 14 | അരിയുണ്ട | 100 ഗ്രാം | |
| 15 | തരിയുണ്ട | 100 ഗ്രാം | |
| 16 | ഇലയട | 100 ഗ്രാം | |
| 17 | കൊഴുക്കട്ട | 100 ഗ്രാം | |

| | | | |
|---|---|---|---|
| 18 | അവിൽ നനച്ചത് | 100 ഗ്രാം | |
| 19 | പരിപ്പുവട | 40 ഗ്രാം | |
| 20 | പഴംപൊരി | 40 ഗ്രാം | |
| 21 | ഉള്ളിവട | 80 ഗ്രാം | |
| 22 | ഉഴുന്നുവട | 40 ഗ്രാം | |
| 23 | ഉണ്ണിയപ്പം | 60 ഗ്രാം | |
| 24 | ഉന്നക്കായ | 80 ഗ്രാം | |
| 25 | ബോണ്ട | 80 ഗ്രാം | |
| 26 | നെയ്യപ്പത്തിരി | 100 ഗ്രാം | |
| 27 | സുഖിയൻ | 60 ഗ്രാം | |
| 28 | മുട്ടബജ്ജി | 75 ഗ്രാം | |
| 29 | ബ്രഡ് പൊരിച്ചത് | 70 ഗ്രാം | |
| 30 | സമൂസ(പച്ചക്കറി) | 100 ഗ്രാം | |
| 31 | പഫ്സ് (വെജ് ), (നോൺ വെജ്) | 100 ഗ്രാം | |
| 32 | കട്ലറ്റ് (വെജ് ), (നോൺ വെജ്) | 100 ഗ്രാം | |
| **LUNCH** | | | |
| 33 | ഊൺ - ചോറ് ആവശ്യാനുസരണവും, സാമ്പാർ /പച്ചക്കറി, മത്സ്യക്കറി, അച്ചാർ,തോരൻ,വെള്ളം രസം/മോര് ,പച്ചടി/കൂട്ടുകറി,പപ്പടം എന്നിവ വിഭവങ്ങളായി നൽകേണ്ടതാണ്. | | |
| 34 | നെയ്ച്ചോർ | 1 plate with salad,pickle&pappadam | |
| 35 | ബിരിയാണി(ചിക്കൻ)ഫുൾ (2 പീസ് ) | 1 plate with salad,pickle&pappadam | |
| 36 | ബിരിയാണി(ചിക്കൻ) ഹാഫ് (1 പീസ് ) | 1 plate with salad,pickle&pappadam | |
| **CURRY** | | | |
| 37 | ചിക്കൻ കറി | ¼ ഭാഗം | |
| 38 | ഫിഷ് കറി | 100 ഗ്രാം (with one piece) | |
| 39 | തൈര് | 70 മില്ലി | |
| 40 | ഫിഷ് ഫ്രൈ | 1 piece | |
| 41 | ബീഫ് ഫ്രൈ | 150ഗ്രാം | |
| 42 | ബീഫ് കറി | 150ഗ്രാം | |

മറ്റിനങ്ങൾ പേരും, അളവ്/തൂക്കം,വില എന്നിവ കോൺട്രാക്ടർ സൂചിപ്പിക്കണം.

നിബന്ധനയിൽ കാണിച്ച അളവ് പ്രകാരമുള്ള ഭക്ഷണപദാർത്ഥങ്ങൾ മുകളിൽ കാണിച്ച വില നിലവാരത്തിൽ പാകം ചെയ്തു കൊടുക്കുവാൻ ഞാൻ സന്നദ്ധനാണ്.

കാന്റീനിന്റെ പ്രവർത്തന സമയം രാവിലെ 07.30 മുതൽ വൈകുന്നേരം 6.00 മണി വരെയാണ്.രജിസ്ട്രാറുടെ നിർദേശപ്രകാരം ഈ സമയക്രമത്തിൽ മാറ്റം ഉണ്ടായിരിക്കുന്നതാണ്.

സർവകലാശാല നിയമങ്ങൾക്കു വിധേയമായി കാന്റീൻ നടത്തുവാൻ എനിക്ക് പൂർണ സമ്മതമാണെന്ന് ഞാൻ ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

അപേക്ഷകന്റെ ഒപ്പ്